## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3404 — 14.03.2018 — ൽ മറുപടിക്ക്

## റേഷൻ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിന് സ്ഥലം എം.എൽ.എ.യുടെ സാക്ഷ്യപത്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | റേഷൻ കാർഡിൽ പേര് ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക തുടങ്ങിയവയിലേയ്ക്കായി റിഡക്ഷൻ സർട്ടിഫിക്കറ്റ്, സറണ്ടർ സർട്ടിഫിക്കറ്റ്, നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്, നോൺ റിന്യൂവൽ സർട്ടിഫിക്കറ്റ്, കാർഡിലെ തിരുത്തലുകൾക്കനുസരിച്ചുള്ള അംഗീകൃത രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. ഒപ്പം അപേക്ഷകയുടെ പാസ്സ്പോർട്ട് വലിപ്പത്തിലുള്ള രണ്ട് ഫോട്ടോയും നൽകേണ്ടതാണ്. |
| (ബി) | റേഷൻ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിന് സ്ഥലം എം.എൽ.എ യുടെ സാക്ഷ്യപത്രം ഹാജരാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) യും (സി) യും (ഡി) യും | ഇല്ല. എന്നാൽ നിലവിൽ ഒരു റേഷൻ കാർഡിലും പേരില്ലെങ്കിൽ പുതിയ റേഷൻ കാർഡിനായി അപേക്ഷിക്കുന്നവർ 20.07.96 ലെ സർക്കുലർ നം. 7/96 പ്രകാരം സ്വന്തമായി കാർഡില്ലെന്നോ അപേക്ഷകൻ ഏതെങ്കിലും കാർഡിൽപെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന സ്ഥലം എം.എൽ.എ/ എം.പി./തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ എന്നിവരിൽ നിന്നുള്ള രേഖാമൂലമുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| (സി) | ഇല്ലെങ്കിൽ താലൂക്ക് സപ്ലൈ ഓഫീസർമാർ റേഷൻ കാർഡ് അനുവദിക്കുന്നതിന് എം.എൽ.എ.യുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ആവശ്യപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ഉണ്ടെങ്കിൽ ഇത് മൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

നം.(സി.എസ്)എ4-25583/96

റവന്യൂ ബോർഡ് (സിവിൽ സപ്ലൈസ്),
തിരുവനന്തപുരം, 20-07-96.

## സർക്കുലർ നമ്പർ 7/96

വിഷയം :- സിവിൽ സപ്ലൈസ് - റേഷനിംഗ് - പുതിയ റേഷൻകാർഡ് നൽകുന്നതു സംബന്ധിച്ച് -

സൂചന :- 05-05-94 ലെ എ2-17782/94 നമ്പരിലുള്ള ബോർഡിന്റെ കത്ത്

uram,

alakkad,

റേഷൻകാർഡ് നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കാനായി സ്ഥലം എം.എൽ.എ.മാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കാർഡ് നൽകണമെന്ന് മേൽ നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നില്ലെന്നും പൊതുജനങ്ങൾക്കു പലവിധ ബുദ്ധിമുട്ടുകൾ തൻമൂലം അനുഭവപ്പെടുന്നുണ്ടെന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ റേഷൻകാർഡു നൽകുന്ന കാര്യത്തിൽ നിലവിലുള്ള നിർദ്ദേശത്തിനുപരിയായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. എല്ലാ ജില്ലാ സപ്ലൈ ആഫീസർമാരും പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നോ എന്നു നിരീക്ഷിക്കേണ്ടതാണ്.

1. വില്ലേജ് ആഫീസർ, പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നിവർ നൽകുന്ന റെസിഡൻഷ്യൽ/വരുമാന സർട്ടിഫിക്കറ്റുകൾക്കു പുറമെ ബന്ധപ്പെട്ട കക്ഷിക്ക് സ്വന്തമായി കാർഡില്ലെന്നോ പ്രസ്തുത കക്ഷി ഏതെങ്കിലും കാർഡിൽപ്പെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന സ്ഥലം എം.പി., എം.എൽ.എ., ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ കാർഡുകൾ നൽകേണ്ടതാണ്.

2. പുതിയ കാർഡിൽ കുട്ടികളുടെ പേര് ചേർക്കുന്നതിന് ജനനസർട്ടിഫിക്കറ്റ്, സ്കൂൾ/കോളേജ് അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് ഇവ ആവശ്യപ്പെടാവുന്നതാണ്.

സർക്കുലർ കൈപ്പറ്റിയതിനുള്ള രസീത് മടക്കതപാലിൽ അയക്കേണ്ടതാണ്.

ഒപ്പ്
സിവിൽ സപ്ലൈസ് ഡയറക്ടർ

എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും/താലൂക്ക് സപ്ലൈ ആഫീസർമാർക്കും/സിറ്റി റേഷനിംഗ് ആഫീസർമാർക്കും

പകർപ്പ്:
1. ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ
2. വിജിലൻസ് ആഫീസർ/അക്കൗണ്ട്സ് ഓഫീസർ/സി.എ.ഒ
3. സിവിൽ സപ്ലൈസ് കമ്മീഷണർ/ഡയറക്ടർ/കൺട്രോളർ എന്നിവരുടെ സി.എ. മാർക്ക്
4. സ്റ്റോക്ക് ഫയലിലേക്ക്/അധികം പകർപ്പുകൾ.